ഉത്തരം

(എ) 1-4-1986 മുതൽ റഫറൽ ആശുപത്രിയാക്കാനുള്ള തീരുമാനം 1986 മാർച്ച് മാസത്തിലാണ് എടുത്തത്.

(ബി) 1. കോഴിക്കോട് ജില്ലാ ആശുപത്രി.
2. കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി.
3. വടകര, കൊയിലാണ്ടി എന്നീ താലൂക്കാശുപത്രികൾ.
4. കക്കോടി, കുന്നമംഗലം, അരിപ്പെട്ട, മേപ്പയ്യൂർ, കക്കയം, കുന്നുമ്മേൽ, കേടിയത്തൂർ, ഫറോക്ക്, അരിക്കുളം എന്നീ സർക്കാർ ഡിസ്പെൻസറികൾ.
5. താമരശ്ശേരി, നാദാപുരം തുടങ്ങിയ സർക്കാർ ആശുപത്രികൾ.

അകലക്കുന്നം പി. എച്ച്. സെൻററിന്റെ പഴയ കെട്ടിടം

68 [86] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലകുന്നം പി. എച്ച്. സെൻററിന്റെ പഴയ കെട്ടിടം പഞ്ചായത്തിന് കൈമാറണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത കെട്ടിടം ജീർണ്ണിച്ചു പോകാതെ പഞ്ചായത്തിന് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഈ ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചാർജ്ജുള്ള മെഡിക്കലോഫീസറുടെ ക്വാർട്ടേഴ്സ് ആയി ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് കൈമാറാൻ സാദ്ധ്യമല്ല.

പനച്ചിക്കാട് പി. എച്ച്. സെൻററിന്റെ കെട്ടിടം പണി

69. [87] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പനച്ചിക്കാട് പി. എച്ച്. സെൻററിനുവേണ്ടിയുള്ള കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ കെട്ടിട നിർമ്മാണം

70. [88] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ കെട്ടിടം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കെട്ടിടനിർമ്മാണം പൂർത്തിയാക്കാറായിട്ടുണ്ട്.

അന്നശ്ശേരി ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി

71. [89] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലുള്ള അന്നശ്ശേരി ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറിക്ക് ഒരു കെട്ടിടം പണിയുന്നതിനുള്ള സ്ഥലം നിർണ്ണയിച്ചു കഴിഞ്ഞുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എവിടെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കെട്ടിടം പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ, ബി, സി) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് അണ്ടിക്കോട് ആയുർവ്വേദ ഡിസ്പെൻസറിയാണ്. പ്രസ്തുത ഡിസ്പെൻസറിക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കേണ്ട ചുമതല തലക്കുളത്തൂർ പഞ്ചായത്തിനാണ്. ഇതിലേക്കാവശ്യമായ നടപടികൾ പഞ്ചായത്തിൽ നിന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ മേൽ ഡിപ്പാർട്ടുമെന്റിൽ നിന്നും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

പാമ്പാടി പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി

72. [90] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി പഞ്ചായത്തിൽ ഒരു ആയുർവേദാശുപത്രി അനുവദിക്കണമെന്നുള്ള പഞ്ചായത്തിന്റെ പ്രമേയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാമ്പാടിയിൽ ഒരു ആയുർവേദാശുപത്രി അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധന ലഭ്യതയ്ക്കു വിധേയമായി പാമ്പാടി പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

രാമമംഗലം പഞ്ചായത്തിൽ ഒരു-ആയുർവേദ ആശുപത്രി

73. [91] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമമംഗലം പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു തുടങ്ങാനുള്ള കാലതാമസം ഒഴിവാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധനലഭ്യതയ്ക്കു വിധേയമായി സ്ഥാപനം തുടങ്ങുന്നതാണ്.

അങ്ങാടി പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി

74. [92] ശ്രീമതി റോസ്ചൽ സണ്ണിപനവേലിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ അങ്ങാടി പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly